ക്കുന്നതിനോ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല സർ. അതുപോലെ ലബോറട്ടറി ടെക്നീഷ്യന്റെ തസ്തികയുണ്ട്. പക്ഷേ ഇതുവരെ നിയമനം നടന്നിട്ടില്ല. ആവശ്യമായ സംവിധാനങ്ങളുമില്ല. ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന ഒരു കാമ്പസാണ് ഈ ആശുപത്രിക്കുള്ളത്. അവിടെ ഒരു മണിക്കൂർ മാത്രം മുനിസിപ്പാലിറ്റിയുടെ കനിവുകൊണ്ട് ശുദ്ധജലം ലഭിക്കുന്നു. സർ, നൂറു കൊല്ലം പഴക്കമുള്ള ഒരു കെട്ടിടത്തിലാണ് ഇപ്പോഴും ആശുപത്രി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ കെട്ടിടം ചോർന്നൊലിക്കുന്നു. അവിടെയുള്ള ഓഫീസ് ഫയലുകളും നശിച്ചുകൊണ്ടിരിക്കുന്നു. ഒ. പി. പ്രവർത്തിക്കുന്നത് ഓഫീസിലാണ്. അതുപോലെ ജനങ്ങൾക്കും, രോഗികൾക്കും, ഡോക്ടർമാർക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം പരിഗണിച്ച് അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചാവക്കാട് ആശുപത്രിക്ക് സ്ഥലസൗകര്യമില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ട്. അത് എല്ലാ ആശുപത്രികളിലും ഉള്ള പരാതി തന്നെയാണ്. എങ്കിൽപ്പോലും ചാവക്കാട് ആശുപത്രിയിലെ തസ്തികകളുടെ കുറവും മരുന്നിന്റെ കുറവും ഉണ്ടെങ്കിൽ അത് പരിശോധിച്ച ഉടൻ തന്നെ സാംഗ്ഷൻ കൊടുക്കാൻ വേണ്ടി ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡയറക്ടർ നടപടി സ്വീകരിക്കുന്നുണ്ട്. എക്സ്റേ നന്നാക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാം.

(8) മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പരീക്ഷാ ഫലം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ റിസൾട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ബി. എഡ്ഡിന്റെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ട് മാസങ്ങളായി. ഈ പ്രത്യേക കോളേജിലെ റിസൾട്ട് പ്രസിദ്ധീകരിക്കാതെയിരിക്കുന്നതിന്റെ കാരണം യൂണിവേഴ്സിറ്റിയും മാനേജുമെന്റും തമ്മിലുള്ള ചില തർക്കങ്ങളാണ്. ഈ തർക്കം വാസ്തവത്തിൽ അവിടെ പഠിച്ച് പരീക്ഷയെഴുതിയ നിരപരാധികളായ കുട്ടികളെയാണ് ബാധിച്ചിരിക്കുന്നത്. ആ നിരപരാധികളായ കുട്ടികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചുകൊണ്ട് യൂണിവേഴ്സിറ്റിയും മാനേജുമെന്റും ഹൈക്കോടതിയിൽ കേസും വഴക്കുമായിട്ട് നടക്കുകയാണ്. ദയവുചെയ്ത് ആ പാവ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട വിദ്യാർത്ഥികളെ രക്ഷിക്കുവാൻ വിദ്യാഭ്യാസവകുപ്പുമന്ത്രി മുൻകൈയെടുത്ത് ഈ രണ്ടു കൂട്ടരേയും കൂടി വിളിച്ച് യൂണിവേഴ്സിറ്റിയുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന നടപടി മാനേജ്മെൻറിൽനിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തുക, മാനേജ്മെൻറിനെ ഡിസ്ക്രെഡിറ്റ് ചെയ്യാൻ നടപടി ഉണ്ടെന്ന് അവർക്ക് തോന്നിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുക, അങ്ങനെ, വിദ്യാഭ്യാസവകുപ്പുമന്ത്രി മദ്ധ്യസ്ഥനായി പ്രവർത്തിച്ച് ആ വിദ്യാർത്ഥികളുടെ റിസൾട്ട് പബ്ലിഷ് ചെയ്യാനുള്ള നടപടി ഉണ്ടാകുമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, യൂണിവേഴ്സിറ്റി നിയമം 23-ാം വകുപ്പനുസരിച്ച് പരീക്ഷ നടത്തുന്നതും ഫല പ്രഖ്യാപനം നടത്തുന്നതും സിൻഡിക്കേറ്റാണ്. അതനുസരിച്ച് കഴിഞ്ഞ 18-10-1986-ൽ ബി. എഡിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടുണ്ട്. പക്ഷേ അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ കോളേജിൽ ഉണ്ടായ ചില പ്രശ്നങ്ങളെ തുടർന്ന് അവിടത്തെ റിസൾട്ട് വിത്ത്ഹെൽഡ് ചെയ്യാൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാനമെടുത്തു. അതുവഴി കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അതിനിടയിൽ മാനേജ്മെൻറ് യൂണിവേഴ്സിറ്റിയുടെ ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും ചെയ്തു. അതിനുശേഷം കഴിഞ്ഞ 28-6-1985-ൽ കൂടിയ സിൻഡിക്കേറ്റ് പ്രൊവിഷണലായിട്ട് വെരിഫിക്കേഷനൊക്കെ നടത്താനും കുട്ടികളെ അഡ്മിറ്റ് ചെയ്യാനും ഉള്ള തീരുമാനമെടുത്തു. ഇപ്പോഴും സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നത് ഈ ഒ.പി യിൻമേൽ ഡിസിഷൻ ഉണ്ടാകുന്നതുവരെ അതിൻമേൽ നടപടിയെടുക്കേണ്ട എന്നാണ്. എന്തായാലും ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനുശേഷം ഗവൺമെൻറ് തന്നെ വൈസ്ചാൻസലറോട് ആവശ്യപ്പെട്ടതനുസരിച്ച് ഇന്ന് ഒരു ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. ഇന്നത്തെ ചർച്ചയിൽ ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാണെങ്കിലും മാനേജ്മെൻറും യൂണിവേഴ്സിറ്റിയും തമ്മിലുള്ള തർക്കത്തിൽ ഈ കുട്ടികൾ ബലിയാടാകരുതെന്നുള്ള ആഗ്രഹം ഗവൺമെൻറിനുണ്ട്. അതുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുകയാണ്.

(9) ആലത്തൂർ താലൂക്കിൽപ്പെട്ട മൂന്നു വില്ലേജുകളിലെ ഭൂമിയുടെ വിൽപ്പന തടഞ്ഞുവയ്ക്കൽ നടപടി

ശ്രീ. സി. ടി. കൃഷ്ണൻ : സർ, പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽപ്പെട്ട കിഴക്കാഞ്ചേരി, വണ്ടാഴി, മംഗലംഡാം വില്ലേജുകളിലെ ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ വിൽപന തടഞ്ഞുവച്ചിരിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിൽ പെടുന്നതാണ് ഈ മൂന്നു വില്ലേജുകളും. കിഴക്കാഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 1/1എ, മംഗലം ഡാം വില്ലേജിലെ സർവ്വേ നമ്പർ 518/1സി/1എ, വണ്ടാഴി പഞ്ചായത്തിലെ സർവ്വേനമ്പർ 563/3 എന്നീ നമ്പരുകളിൽപ്പെട്ട ഭൂമിയാണ്. തീറാധാരം ചെയ്യാൻ പാടില്ലെന്നു പറഞ്ഞ് തടഞ്ഞുവച്ചിരിക്കുന്നത്. സ്വന്തം ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കടമെടുക്കാനോ യാതൊരു നിവർത്തിയുമില്ലാതെ കൃഷിക്കാർ ബുദ്ധിമുട്ടുകയാണ്. സർ, ഒരു സോക്വൻസി സർട്ടിഫിക്കറുപോലും വില്ലേജ് ഓഫീസിൽ പോയാൽ ഇവർക്ക് കൊടുക്കാറില്ല. മംഗലം ഡാം കടപ്പാറയിലെ റോസാകുരുവിള എന്ന ഒരാളുടെ മുപ്പത്തിമൂന്നര ഏക്കർ മിച്ചഭൂമി ഏറെറടുത്ത് പാവപ്പെട്ട ആളുകൾക്ക് പതിച്ചു കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly